**പതിനാലാം കേരളനിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 172** | **25.04.2017-ൽ മറുപടിക്ക്**

## കാസർകോട് മദ്രസാ അദ്ധ്യാപകന്റെ കൊലപാതകം

| ചോദ്യം<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|
| (എ) കാസർഗോഡ് പഴയ ചൂരി ജുമാ മസ്ജിദിലെ മദ്രസാ അദ്ധ്യാപകൻ കൊല ചെയ്യപ്പെട്ട കേസ്സിൽ എത്ര പ്രതികളാണുള്ളതെന്ന് വ്യക്തമാക്കുമോ;<br>(ബി) ഏതെല്ലാം വകുപ്പുകൾ ചേർത്താണ് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്; വിശദാംശം നൽകുമോ; | (എ) & (ബി) | കാസർഗോഡ് പഴയ ചൂരി ജുമാ മസ്ജിദിലെ മദ്രസാ അദ്ധ്യാപകൻ ടി.എസ്. മുഹമ്മദ് റിയാസ് എന്നയാൾ കൊല ചെയ്യപ്പെട്ടത് സംബന്ധിച്ച് കാസർഗോഡ് പോലീസ് സ്റ്റേഷൻ ക്രൈം നം. 210/17 u/s 450, 302 r/w 34 IPC & added section 102(1), 153(A) IPC പ്രകാരം രജിസ്റ്റർ ചെയ്ത കേസിൽ 1) ആജേഷ് എന്ന അപ്പു, S/o. സുബ്രഹ്മണ്യൻ 2) നിഥിൻ എന്ന ചെത്തിരി, S/o. ശിവൻ, 3) അഖിലേഷ് എന്ന അഖിൽ, S/o. സുരേഷ് എന്നിവർ പ്രതികളായിട്ടുള്ളതും ടി പ്രതികളെ അറസ്റ്റ് ചെയ്ത് ബഹു മാനപ്പെട്ട കോടതിയിൽ ഹാജരാക്കിയിട്ടുള്ളതും ടിയാന്മാർ ജുഡീഷ്യൽ കസ്റ്റഡിയിലുമാണ്. |
| (സി) കേസ്സിലെ മുഴുവൻ പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുണ്ടോ; | (സി) | ടി കേസ്സിലെ 3 പ്രതികളേയും 23/03/2017 തീയതി അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| (ഡി) ഈ പൈശാചിക കൊലപാതകത്തിനു പ്രതികളെ പ്രേരിപ്പിച്ച കാരണമെന്തായിരുന്നു എന്ന് വ്യക്തമായിട്ടുണ്ടോ; | (ഡി) | ഇതുവരെയുള്ള അന്വേഷണത്തിൽ പ്രതികൾക്ക് മുസ്ലീം സമുദായത്തിൽപ്പെട്ടവരോടുള്ള വർഗ്ഗീയ വിരോധമാണ് കൊലപാതക കാരണമായി വെളിവായിട്ടുള്ളത്. |
| (ഇ) ഈ കേസ്സിലെ പ്രതികൾ മുമ്പ് ഏതെങ്കിലും തരത്തിലുള്ള കുറ്റകൃത്യങ്ങൾ ചെയ്തിട്ടുണ്ടോ; എങ്കിൽ അവർക്കെതിരെ എടുത്ത കേസ്സിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ഇ) | ഈ കേസിലെ 1, 2 പ്രതികൾ കാസർഗോഡ് പോലീസ് സ്റ്റേഷൻ ക്രൈം നം. 377/16 u/s. 324, 308 r/w 34 IPC, Cr.No. 378/16 u/s. 326, 308 r/w 34 IPC, Cr.No. 248/17 u/s. 379 IPC എന്നീ കേസുകളിൽ പ്രതികളാണ്. ടി കേസ്സുകൾ എല്ലാം അന്വേഷണാവസ്ഥയിലാണ്. ഈ കേസിലെ 3-ാം പ്രതി കാസർഗോഡ് പോലീസ് സ്റ്റേഷനിൽ ക്രൈം നം. 343/16 u/s. 143, 147, 148, 323, 324, 435 r/w 149 IPC എന്ന കേസിലെ പ്രതിയാണ്. |

**സെക്ഷൻ ഓഫീസർ**